28
2024
നവംബർ
വ്യാഴം
വൃശ്ചികം 13

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.19 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-19 പേജ് 4. വില 2.00 രൂപ




02 അറബ് രാജ്യങ്ങളിൽനിന്ന് 700 കോടി തട്ടിയ മലയാളി റിമാൻഡിൽ

03 200, 100, 50 നോട്ടുകൾകൂടി എടിഎമ്മിൽ ഉൾപ്പെടുത്താൻ നിർദേശം

04 സംസ്ഥാനത്ത് അംഗീകാരമില്ലാത്ത 827 സ്കൂളുകൾ

# വിഴിഞ്ഞം തുറമുഖം: 2034 മുതൽ വരുമാനം: മന്ത്രി

## സപ്ലിമെന്ററി കൺസഷൻ കരാർ ഒപ്പുവച്ചു

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപദ്ധതിയിൽ നിന്നും സംസ്ഥാന സർക്കാരിന് 2034 മുതൽ വരുമാന വിഹിതം ലഭിക്കുമെന്ന് മന്ത്രി വി എൻ വാസവൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വാണിജ്യ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സപ്ലിമെന്ററി കൺസഷൻ കരാർ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും ഒപ്പുവച്ചു. 2045ൽ പൂർത്തിയാക്കേണ്ടിയിരുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ മുഴുവൻ ഘട്ടങ്ങളും കരാർ പ്രകാരം 2028 നുള്ളിൽ പൂർത്തീകരിക്കും. ഇതിലൂടെ ആദ്യ കരാർ അനുസരിച്ച് ലഭിക്കുന്നതിനെക്കാൾ കൂടുതൽ വരുമാനം സർക്കാരിന് ലാഭവിഹിതമായി ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. മുൻ കരാർ പ്രകാരം തുറമുഖം പ്രവർത്തനം ആരംഭിച്ചതിനുശേഷം 15-ാം വർഷം മുതലാണ് സംസ്ഥാന സർക്കാരിന് തുറമുഖ വരുമാനത്തിന്റെ വിഹിതം ലഭിച്ചു തുടങ്ങുക. വിവിധ കാരണങ്ങളാൽ പദ്ധതി പൂർത്തീകരണം വൈകിയ സാഹചര്യത്തിൽ വരുമാന വിഹിതം 2039 മുതൽ മാത്രം അദാനി ഗ്രൂപ്പ് നൽകിയാൽ മതിയായിരുന്നു. എന്നാൽ, ഇപ്പോൾ എത്തിച്ചേർന്ന ധാരണ പ്രകാരം 2034 മുതൽ തന്നെ തുറമുഖത്തിൽ നിന്നും വരുമാനത്തിന്റെ വിഹിതം സർക്കാരിന് ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

നിർമ്മാണം പൂർത്തീകരിക്കുന്നതനുസരിച്ച് തുറമുഖത്തിന്റെ മിനിമം സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം കണ്ടെയ്നറാണ്. ഓട്ടോമേറ്റഡ് സംവിധാനങ്ങൾ ഉപയോഗിക്കുന്നത് വഴി തുറമുഖത്തിന്റെ ശേഷി പ്രതിവർഷം 45 ലക്ഷം വരെ ഉയരും. 2028-ൽ ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ സ്ഥാപിത ശേഷിയുള്ള കണ്ടെയ്നർ ടെർമിനൽ ആയി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസിക്കും.

പഴയ കരാർ പ്രകാരം 408.90 കോടി രൂപയായിരുന്നു സംസ്ഥാന സർക്കാരിന്റെ വി.ജി.എഫ് വിഹിതമായി അദാനി കമ്പനിക്ക് നിർമ്മാണ വേളയിൽ നൽകേണ്ടിയിരുന്നത്. പുതിയ ധാരണയുടെ അടിസ്ഥാനത്തിൽ ഈ തുക 365.10 കോടി രൂപയായി കുറച്ചു. 43.80 കോടി രൂപ സംസ്ഥാന സർക്കാരിന് ഇതിലൂടെ കുറവ് ലഭിച്ചു. കമ്പനിക്ക് നൽകേണ്ട 365.10 കോടി രൂപയിൽ, 189.90 കോടി രൂപ മാത്രം ഇപ്പോൾ നൽകിയാൽ മതി. ബാക്കിയുള്ള 175.20 കോടി രൂപ, തുറമുഖത്തിന്റെ എല്ലാഘട്ടങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് സർക്കാർ നൽകിയാൽ മതിയെന്നും തീരുമാനമായി.




തുറമുഖത്തിന്റെ രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനത്തിനായി പ്രതീക്ഷിക്കുന്ന 10000 കോടി രൂപയുടെ ചിലവ് പൂർണ്ണമായും അദാനി വഹിക്കും. 10000 കോടി രൂപയുടെ നിക്ഷേപം നടത്തുമ്പോൾ നിർമ്മാണ സാമഗ്രികൾക്കുമേൽ ലഭിക്കുന്ന നികുതി വരുമാനം സർക്കാരിന് ലഭിക്കും. ഇതിൽ നിന്നും അദാനി കമ്പനിക്കു 2028-ൽ തിരികെ നൽകേണ്ട 175.20 കോടി രൂപ കണ്ടെത്താൻ സർക്കാരിന് സാധിക്കും.

ഭൂമി സമയബന്ധിതമായി ഏറ്റെടുത്തു കൊടുക്കാൻ കഴിയാത്തത് മൂലം 30 കോടി രൂപയോളം നഷ്ടപരിഹാരമായി സംസ്ഥാന സർക്കാർ അദാനി കമ്പനിക്ക് നൽകണമെന്നതും പുതിയ കരാറിൽ ഒഴിവാക്കി. ആർബിട്രേഷൻ നടപടികൾ പിൻവലിച്ചതിനെത്തുടർന്ന് സർക്കാർ ചിലവഴിക്കേണ്ടി വരുമായിരുന്ന തുകയും ലാഭിക്കാനാകും.

വിഴിഞ്ഞം പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് 40 വർഷ കരാർ കാലയളവിൽ ഏകദേശം 54750 കോടി രൂപ മൊത്ത വരുമാനമുണ്ടാക്കും. അതിൽ ഏകദേശം 6300 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിക്കും. എന്നാൽ 2028 ഡിസംബറോടെ ശേഷി വർധിപ്പിക്കൽ പൂർത്തിയാകുന്നതോടെ മൊത്തവരുമാനം 54750 കോടി രൂപയിൽ നിന്നും 215000 കോടി രൂപയാകും. വരുമാന വിഹിതം 6300 കോടി രൂപയിൽ നിന്ന് 35000 കോടി രൂപയായി വർദ്ധിക്കും. ശേഷി വർദ്ധന മൂലം വരുമാന വിഹിത ഇനത്തിലും ജിഎസ്ടി ഇനത്തിലും ഏകദേശം 48000 കോടി രൂപ സർക്കാരിന് അധികമായി ലഭിക്കും.

വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കാവശ്യമായ 8867 കോടി രൂപയിൽ 5595 കോടി രൂപ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വിജിഎഫ് വിഹിതം, സംസ്ഥാനം പണം ചെലവഴിക്കുന്ന പുലിമുട്ട് നിർമ്മാണം, ഭൂമി ഏറ്റെടുക്കൽ, റെയിൽ കണക്ടിവിറ്റി, ജീവനോപാധി നഷ്ടപരിഹാരം തുടങ്ങിയ ഘടകങ്ങൾക്കായാണ് 5,595 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാർ വഹിക്കേണ്ട 5,595 കോടി രൂപയിൽ ഇതുവരെ 2,159.39 കോടി രൂപ ചെലവഴിച്ചു. അദാനിയുടെ വിഹിതം 2454 കോടിയും കേന്ദ്രസർക്കാരിന്റേത് 817.80 കോടിയുമാണ്. കേന്ദ്ര വിഹിതം ഇതുവരെ ലഭ്യമായിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കി.

## എഴുത്തിന്റെ കാമനയും , കാമനയുടെ എഴുത്തും




നമ്മുടെ ഭാഷയും സമൂഹവും ഒരുപാട് ആവശ്യപ്പെടുന്ന നിരൂപണങ്ങളുടെയും ലേഖനങ്ങളുടെയും ഔന്നത്യമുള്ള എഴുത്തുകാരനാണ്

ശ്രീ ബി ഉണ്ണികൃഷ്ണൻ. അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ സമാഹാരമാണ് 'എഴുത്തിന്റെ കാമനയും, കാമനയുടെ എഴുത്തും'.

നവംബർ 30 ന് എറണാകുളത്തു വച്ചാണ് പുസ്തക പ്രകാശനം.!

ആശംസകളോടെ,
കെ ഡി ഷൈബു
മുണ്ടയ്ക്കൽ

# പൊതു അവധിദിനങ്ങൾ പ്രവൃത്തിദിനമാക്കുന്ന നയം തിരുത്തണമെന്ന് കെസിബിസി

കൊച്ചി: പൊതു അവധി ദിവസമായ ഞായറാഴ്ച വിവിധ സർക്കാർ വകുപ്പുകൾ പ്രവൃത്തിദിനങ്ങളാക്കിമാറ്റുന്ന പ്രവണത വർധിച്ചുവരികയാണെന്നും ഇതു തിരുത്തണമെന്നും കെസിബിസി.

അവധി ദിനങ്ങൾ നിർബന്ധിത പ്രവൃത്തിദിനങ്ങളാക്കിക്കൊണ്ട് മനുഷ്യാവകാശങ്ങളിലേക്കു നടത്തുന്ന ഇത്തരം കടന്നുകയറ്റങ്ങൾ ഒഴിവാക്കപ്പെടുകതന്നെ ചെയ്യണമെന്ന് കെസിബിസി ജാഗ്രത കമ്മീഷൻ സെക്രട്ടറി ഫാ. മൈക്കിൾ പുളിക്കലും വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ആൻറണി വക്കോ അറക്കലും സംയുക്തമായി പുറപ്പെടുവിച്ച പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

പൊതുവിദ്യാഭ്യാസ വകുപ്പ് ക്യാമ്പുകൾ, കലോത്സവങ്ങൾ, മേളകൾ, വിവിധ ദിനാചരണങ്ങൾ തുടങ്ങിയവ ഞായറാഴ്ച ഉൾപ്പെടെയുള്ള പൊതു അവധിദിവസങ്ങളിലേക്ക് നിശ്ചയിക്കുന്ന രീതി സമീപകാലങ്ങളിൽ പതിവായി കണ്ടുവരുന്നു.

ഏറ്റവുമൊടുവിൽ വിദ്യാഭ്യാസവകുപ്പ് പാഠ്യപദ്ധതിയുടെ ഭാഗമായ ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പുകളാണ് നവംബർ, ഡിസംബർ മാസങ്ങളിലെ ശനി, ഞായർ ദിവസങ്ങളിലായി നിശ്ചയിച്ചിരിക്കുന്നത്.

പതിനാറായിരത്തോളം കുട്ടികൾ പങ്കെടുക്കുന്ന 260 ക്യാമ്പുകളാണ് അത്തരത്തിൽ കേരളത്തിലുടനീളം സംഘടിപ്പിക്കപ്പെടുന്നത്. വിദ്യാഭ്യാസവകുപ്പിൻറെ ലിറ്റിൽ കൈറ്റ്സ് പദ്ധതി പ്രശംസാർഹമാണെങ്കിലും ഞായറാഴ്ചകൾ അതിനായി നിശ്ചയിച്ചത് ആശാസ്യമല്ല.

ഈ മാസം 17 ഞായറാഴ്ച സംസ്ഥാന സ്കൂൾ ശാസ്ത്രമേളയും നടത്തി. 2022 ഒക്ടോബർ രണ്ട് ഞായറാഴ്ച അപ്രതീക്ഷിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രവൃത്തിദിനമായി പ്രഖ്യാപിച്ച നടപടി വ്യാപക പ്രതിഷേധങ്ങൾക്ക് വഴിയൊരുക്കിയിരുന്നു.

എൻഎസ്എസ്, എൻസിസി ക്യാമ്പുകളും അധ്യാപക പരിശീലനങ്ങളും ഇത്തരത്തിൽ ഞായറാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പതിവായി നടന്നുവരുന്നുണ്ട്. മുൻകാലങ്ങളിൽ മേളകൾ, കലോത്സവങ്ങൾ പരിശീലന പരിപാടികൾ തുടങ്ങിയവയ്ക്കിടയിൽ വരുന്ന ഞായറാഴ്ചകളിൽ അവധി നൽകിയിരുന്നെങ്കിൽ ഇപ്പോൾ ആ രീതി പൂർണമായും മാറ്റിയിരിക്കുകയാണ്.

പഠനത്തിൻറെ ഭാഗംതന്നെയായ ഇത്തരം പാഠ്യ-പാഠ്യേതര ക്യാമ്പുകളും പരിശീലന പരിപാടികളും മറ്റും അധ്യയനദിവസങ്ങളിൽതന്നെ ക്രമീകരിക്കുന്ന നയം സർക്കാർ സ്വീകരിക്കണം. അതിനു വേണ്ട നിർദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ നൽകണമെന്നും പ്രസ്താവനയിൽ ആവശ്യപ്പെടുന്നു.

# മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന നിലപാട് സർക്കാർ സ്വീകരിക്കണം: കെഎൽസിഎ

കൊച്ചി: മുനമ്പത്ത് തർക്കത്തിന് ആധാരമായ ഭൂമി വഖഫ് ഭൂമിയല്ല എന്ന നിയമപരമായ പൊതുനിലപാട് കോടതിയിൽ നിലവിലുള്ള കേസിൽ രേഖാമൂലം സമർപ്പിക്കാൻ സർക്കാർ തയാറാകണമെന്ന് കെഎൽസിഎ ആവശ്യപ്പെട്ടു. നിലവിൽ രൂപീകരിച്ചിട്ടുള്ള കമ്മീഷന് ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച റവന്യു രേഖകളും രജിസ്റ്റർ ഓഫീസിൽനിന്നുള്ള ആധാരം സംബന്ധിച്ച രേഖകളും രണ്ടുദിവസം കൊണ്ട് ഉദ്യോഗസ്ഥർ മുഖേന സംഘടിപ്പിക്കാവുന്നതേയുള്ളൂ. മുനമ്പത്തുള്ളത് വഖഫ് ഭൂമിയല്ലെന്ന നിയമപരമായ വസ്തുതയ്ക്ക് പിന്തുണ കൊടുക്കുന്ന തരത്തിലുള്ള നടപടികൾ കോടതിയിലെ കേസുകളിൽ ഹാജരാക്കി വിഷയം എത്രയും വേഗം അവസാനിപ്പിക്കാനും ഉടമകളുടെ റവന്യു അവകാശം പുനഃസ്ഥാപിക്കാനും സർക്കാർ തയാറാകണം. മുനമ്പം വിഷയം സമ്പൂർണ സംസ്ഥാന സമ്മേളനത്തിൽ ചർച്ച ചെയ്യുമെന്നും കെഎൽസിഎ ഭാരവാഹികൾ പറഞ്ഞു.






ഫയർ സർവീസ് മെഡൽ വിതരണവും ആധുനിക ഉപകരണങ്ങളുടെ പ്രവർത്തന ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# അറബ് രാജ്യങ്ങളിൽനിന്ന് 700 കോടി തട്ടിയ മലയാളി റിമാൻഡിൽ

തലശേരി: നാല് ഗൾഫ് രാജ്യങ്ങളിൽനിന്നായി 700 കോടി രൂപ തട്ടിയെടുത്ത കണ്ണൂർ സ്വദേശിയെ റിമാൻഡ് ചെയ്തു.

ഖത്തർ ആസ്ഥാനമായുള്ള ഗ്രാൻറ് മാർട്ട് മാനേജിംഗ് ഡയറക്ടർ പാനൂർ മേക്കുന്ന് സ്വദേശി ഇസ്മയിൽ ചക്കാറത്തിനെ കഴിഞ്ഞ ദിവസമാണ് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തത്. ഇയാളെ കോഴിക്കോട് കോടതിയാണ് റിമാൻഡ് ചെയ്തത്.

ഖത്തർ, ഒമാൻ, യുഎഇ, സൗദ്യ അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ പ്രവർത്തിച്ചിരുന്ന ഗ്രാൻഡ് മാർട്ടിൻറെ ചെയർമാനായ ഇസ്മയിലും സഹോദരങ്ങളും ചേർന്ന് 700 കോടിയിലേറെ രൂപയാണ് അറബ് രാജ്യങ്ങളിലെ വിവിധ ബാങ്കുകളിൽ നിന്നായി തട്ടിയെടുത്തിട്ടുള്ളതെന്നാണു പുറത്തുവരുന്ന വിവരം. ഇതിൽ ഒരു ബാങ്ക് നൽകിയ പരാതിയിലാണ് ഇപ്പോൾ അറസ്റ്റ് നടന്നിട്ടുള്ളത്. ഇസ്മയിലിൻറെ സഹോദരൻ സമാന സ്വഭാവമുള്ള കേസിൽ അറസ്റ്റിലായി ഖത്തർ ജയിലിലാണ്.

കേരളത്തിലെ വിവിധ ജില്ലകളിൽ ക്രൈംബ്രാഞ്ച് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം കേസെടുത്ത് അന്വേഷണം നടത്തി വരുന്നതിനിടയിലാണ് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് മുഖ്യ പ്രതിയെ പിടികൂടിയത്.

അറബ് രാജ്യങ്ങളിലെ ബാങ്കുകളിൽനിന്നു തട്ടിയെടുത്ത തുക അനധികൃത വഴികളിലൂടെ കേരളത്തിൽ എത്തിക്കുകയും ബേനാമി ഇടപാടുകളിലൂടെ വിവിധ ജില്ലകളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതായും റിപ്പോർട്ടുണ്ട്.

ഇസ്മയിലിൻറെയും സഹോദരങ്ങളുടെയും ബാങ്ക് അക്കൗണ്ടുകൾ വിവിധ അന്വേഷണ ഏജൻസികൾ മരവിപ്പിച്ചിരിക്കുകയാണ്. ഗ്രാൻറ് മാർട്ട് ഹൈപ്പർ മാർക്കറ്റിൻറെ നിരവധി ശാഖകളാണു നാല് രാജ്യങ്ങളിലായി പ്രവർത്തിച്ചിരുന്നത്.

വലിയ ഹോൾസെയിൽ ശൃംഖലകളും സ്ഥാപനത്തിനുണ്ടായിരുന്നു. ഇതിനിടെയാണ് ബാങ്കുകളിൽ നിന്നു കോടികൾ വായ്പയെടുത്ത് കേരളത്തിലേക്ക് കടത്തിയെന്ന് വിവിധ അന്വഷണ ഏജൻസികൾ കണ്ടെത്തിയിട്ടുള്ളത്.

# ശബരിമല പതിനെട്ടാംപടിയിലെ ഫോട്ടോഷൂട്ട്; പടിക്കൽ കലമുടച്ച് കേരള പോലീസ്

ശബരിമല: ശബരിമല ക്ഷേത്രത്തിൻറെ പതിനെട്ടാംപടിയിൽ ശ്രീകോവിലിനു പുറം തിരിഞ്ഞുനിന്ന് ഫോട്ടോയെടുത്ത് പ്രചരിപ്പിച്ച സംഭവം വിവാദമായതിനെത്തുടർന്ന് തിരുവനന്തപുരം എസ്എപിയിലെ 23 പോലീസുകാർക്ക് നല്ല നടപ്പുശിക്ഷ.

ഫോട്ടോ ഷൂട്ടിൽ പങ്കെടുത്ത ഇവരെ കണ്ണൂർ കെഎപി ക്യാമ്പിലേക്ക് മാറ്റാനും തീവ്രപരിശീലനം നൽകാനും എഡിജിപി എസ്. ശ്രീജിത്ത് നിർദേശിച്ചു. തിരികെ എത്തുന്പോൾ ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്നും നിർദേശമുണ്ട്.

ശബരിമല മണ്ഡലകാല തീർഥാടനം ആരംഭിച്ചശേഷമുള്ള ആദ്യബാച്ച് പോലീസുകാരിലെ 23 പേരാണ് ഡ്യൂട്ടി അവസാനിക്കുന്നതിനു മുമ്പായി കഴിഞ്ഞ ശനിയാഴ്ച ഉച്ചകഴിഞ്ഞ് പതിനെട്ടാംപടിയിൽ നിന്ന് ഗ്രൂപ്പ് ഫോട്ടോ എടുത്തത്. ഇത് സമൂഹമാധ്യമങ്ങളിൽ അവർതന്നെ പ്രചരിപ്പിച്ചതോടെ പ്രതിഷേധങ്ങൾ ഉയർന്നു.

തിങ്കളാഴ്ച രാവിലെ ഇവർ ഡ്യൂട്ടി കഴിഞ്ഞ് ഇറങ്ങുകയും ചെയ്തിരുന്നു. പിന്നാലെ വിഷയത്തിൽ ഹൈക്കോടതി ഇടപെടുകയും ശബരിമലയിൽ പോലീസ് കോ-ഓർഡിനേറ്ററായ എഡിജിപി എസ്. ശ്രീജിത്തിനോടു വിശദീകരണം തേടുകയും ചെയ്തു.

എഡിജിപി സന്നിധാനം സ്പെഷൽ ഓഫീസറോട് റിപ്പോർട്ട് വാങ്ങി. പോലീസുകാരുടെ ഭാഗത്തു ഗുരുതരമായ വീഴ്ചയുണ്ടെന്നും സേനയ്ക്ക് മാനക്കേടുണ്ടാക്കിയതായും സ്പെഷൽ ഓഫീസർ റിപ്പോർട്ട് നൽകിയതിനെത്തുടർന്ന് ആരോപണവിധേയരായ പോലീസുകാരിൽനിന്നു വിശദീകരണം തേടി. ആചാരലംഘനമാണെന്ന് അറിയില്ലെന്നാണ് ഭൂരിഭാഗം പേരും മേലുദ്യോഗസ്ഥരെ അറിയിച്ചത്.

എന്നാൽ ഇതംഗീകരിക്കാൻ ഉന്നത പോലീസ് ഉദ്യോഗസ്ഥർ തയാറായില്ല. തീവ്രപരിശീലന കാലയളവിൽ പോലീസുകാർക്ക് അവധിയടക്കം നിഷേധിക്കപ്പെടാം.

ഭക്തർ പരിപാവനമായി കരുതുന്ന പതിനെട്ടാം പടിയിൽ ഭഗവാന് പുറംതിരിഞ്ഞുനിന്ന് പോലീസുകാർ ഫോട്ടോഷൂട്ട് നടത്തിയത് ആചാരലംഘനമെന്ന് ഭക്തസംഘടനകൾ ആരോപിച്ചിരുന്നു. സേവനം പൂർത്തിയാക്കി പടിയിറങ്ങുന്ന മേൽശാന്തിമാർ പോലും ഭഗവാന് അഭിമുഖമായി പുറകോട്ടാണ് പതിനെട്ടാംപടിയിറങ്ങുന്നത്.

പടിയിൽ ഡ്യൂട്ടിയുള്ള പോലീസുകാരും പിൻതിരിഞ്ഞ് നിൽക്കാറില്ല. പതിനെട്ടാംപടി ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഉച്ചയ്ക്ക് ഒരു മണിക്ക് നടയടച്ച ശേഷം പതിനെട്ടാം പടിയിൽ താഴെ മുതൽ മുകളിൽ വരെ നിന്ന് ഫോട്ടോ എടുക്കുകയായിരുന്നു. ചിലർ വശങ്ങളിൽ ഇരിക്കുന്നുമുണ്ട്.

പോലീസിൻറെ ആദ്യബാച്ചിൽ പതിനെട്ടാംപടിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്നവർ നല്ലനിലയിലാണ് പ്രവർത്തിച്ചതെന്ന പ്രശംസ നിലനിൽക്കുമ്പോഴാണ് ഇതേ സംഘത്തിൽ പെട്ടവർ ഫോട്ടോഷൂട്ട് വിവാദത്തിൽ പെട്ടത്.

തിരക്ക് നിയന്ത്രണത്തിനും കൂടുതൽ പേരെ പതിനെട്ടാംപടി കയറ്റുന്നതിലും ആദ്യബാച്ചിൻറെ പ്രവർത്തനം പൊതുവേ പ്രശംസിക്കപ്പെട്ടിരുന്നു.

## സ്കോളർഷിപ്പ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ എട്ടാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സിനുവരെ പഠിക്കുന്ന കുട്ടികളിൽനിന്നും 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. ഡിസംബർ 15നു മുമ്പ് അപേക്ഷിക്കണം.

അപേക്ഷാഫോം അതതു ജില്ലാ ഓഫീസിൽ നിന്നും ലഭിക്കും. അല്ലെങ്കിൽ www.kmtwwfb.org എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

## മെറിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024 ലെ ഡി.എൻ.ബി കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള വിദ്യാർഥികളുടെ മെറിറ്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ (www.cee.kerala.gov.in) പ്രസിദ്ധീകരിച്ചു. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# ബഹുജനങ്ങളെ അണിനിരത്തി മാലിന്യമുക്തം നവകേരളം പദ്ധതി ഊർജിതമാക്കും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജനങ്ങളെ അണിനിരത്തി മാലിന്യമുക്തം നവകേരളം പദ്ധതി ഊർജിതമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം തീരുമാനിച്ചു. വാർഡിലെ നിർവഹണ സമിതികൾ ചേർന്നാവും ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർ തദ്ദേശസ്ഥാപനങ്ങളുടെ യോഗം വിളിച്ച് നിർവഹണ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കണം.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് സ്വകാര്യ സംരംഭകരുടെ നൂതന സാങ്കേതിക വിദ്യകൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കാനുള്ള കാലതാമസം പരിഹരിക്കുന്നതിന് ശുചിത്വമിഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് എന്നിവയുടെ തീരുമാനങ്ങൾ ത്വരിതപ്പെടുത്തും.

ദ്രവമാലിന്യ സംസ്കരണത്തിന് പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് സുഗമമായി നടപ്പിലാക്കാനും പരിപാലിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകും. മൂന്നാർ ഗ്രീൻകോറിഡോർ പോലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വ്യത്യസ്ത പദ്ധതികൾക്ക് സർക്കാർ അനുമതി ലഭ്യമാക്കാനുള്ള കാലതാമസം ഒഴിവാക്കും. ഇത്തരം അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി രണ്ടാഴ്ച്ചയ്ക്കകം അനുമതി നൽകണമെന്നും യോഗം തീരുമാനിച്ചു.

സമ്പൂർണ ശുചിത്വ പ്രഖ്യാപനത്തിന്റെ മുന്നൊരുക്കങ്ങളും വിലയിരുത്തി. അയൽക്കൂട്ടങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ, എന്നിവ നൂറു ശതമാനം ഹരിതമാക്കുന്നതിന്റെ പ്രഖ്യാപനം 2025 മാർച്ച് 30നകം നടക്കും.

2025 ജനുവരി 26 ന് ഓഫീസുകളെ ഹരിത ഓഫീസുകളായി പ്രഖ്യാപിക്കും. യോഗത്തിൽ മന്ത്രി എം ബി രാജേഷ്, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, നവകേരള കർമ്മ പദ്ധതി കോർഡിനേറ്റർ ടി എൻ സീമ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ആന എഴുന്നള്ളിപ്പ് നിർബന്ധിത മതാചാരമായി കണക്കാക്കാനാവില്ല: ഹൈക്കോടതി

കൊച്ചി: ആന എഴുന്നള്ളിപ്പിനെ നിർബന്ധിത മതാചാരമായി കണക്കാക്കാനാകില്ലെന്ന് ഹൈക്കോടതി. ഏതെങ്കിലും മതവിശ്വാസം തകരുമെന്ന അവസ്ഥയുണ്ടെങ്കിൽ മാത്രമേ മതാചാരമായി കണക്കാക്കാൻ സാധിക്കൂവെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

എഴുന്നള്ളിപ്പിനുള്ള മാർഗനിർദേശങ്ങളിൽ മാറ്റം വരുത്താനാകില്ലെന്നും കോടതി ആവർത്തിച്ചു. സുരക്ഷാ കാരണങ്ങളാൽ ആന എഴുന്നള്ളിപ്പിന് നിയന്ത്രണങ്ങൾ അനിവാര്യമാണ്. ഉത്സവത്തിനെത്തുന്ന ആളുകളുടെ സുരക്ഷിതത്വംകൂടി പരിഗണിക്കണം.

ആനയില്ലെങ്കിൽ ആചാരങ്ങൾ മുടങ്ങുമൊയെന്നും വാദത്തിനിടെ കോടതി ചോദിച്ചു. പരിഹാസ്യമായ വാദങ്ങളാണ് ആന എഴുന്നള്ളിപ്പിനുവേണ്ടി ഉന്നയിക്കുന്നത്. ആകെ ആനകളുടെ 35 ശതമാനവും ഇല്ലാതായി. കുട്ടികളെപ്പോലെ സംരക്ഷിക്കേണ്ട ജീവിവർഗമാണ് ആനകൾ. ഈ രീതിയിൽ മുന്നോട്ടുപോയാൽ അഞ്ചു വർഷത്തിനുള്ളിൽ ആനകൾ ഇല്ലാതാകും. ചങ്ങലയിൽ കാലുകൾ ബന്ധിക്കപ്പെട്ട ആനകളെ കണ്ടാണോ ആനപ്രേമികൾ ആസ്വദിക്കുന്നതെന്നായിരുന്നു കോടതിയുടെ ചോദ്യം.

തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ 15 ആനകളെ എഴുന്നള്ളിപ്പിക്കണമെന്നാണ് ആവശ്യം. 22 മീറ്ററിനുള്ളിൽ എത്ര ആനകളെ അണിനിരത്താനാകും. ആനകളെ എഴുന്നള്ളിപ്പിന് ഉപയോഗിക്കേണ്ട എന്നല്ല കോടതി പറയുന്നത്, നിശ്ചിത അകലപരിധി നിശ്ചയിച്ച് ആളുകളുടെ സുരക്ഷകൂടി നോക്കിയാണ്. 15 ആനകളെ എഴുന്നള്ളിക്കണമെന്ന് നിർബന്ധം പിടിക്കുന്നത് ഏത് ആചാരത്തിൻറെ ഭാഗമാണെന്ന് കോടതി ചോദിച്ചു.

മാർഗനിർദേശങ്ങൾ പാലിച്ചേ മതിയാകൂ. ആന എഴുന്നള്ളത്ത് ഹർജിക്കാർ പറയുന്നതുപോലെ നടത്തിയില്ലെങ്കിൽ ഹിന്ദുമതം തകരുമെന്നാണോ പറയുന്നതെന്നും കോടതി ആരാഞ്ഞു.

ആളുകളുടെ സുരക്ഷ, ആനകളുടെ പരിപാലനം എന്നിവ പ്രധാനപ്പെട്ടതാണ്. തൃപ്പൂണിത്തുറ ക്ഷേത്രത്തിൻറെ സ്ഥലപരിധിവച്ച് പരമാവധി നാല് ആനകളെയേ മാർഗനിർദേശപ്രകാരം എഴുന്നള്ളിക്കാൻ കഴിയൂവെന്നും കോടതി വ്യക്തമാക്കി.

ഹർജി ഇന്ന് വീണ്ടും പരിഗണിക്കാൻ മാറ്റി. 65 വയസ് കഴിഞ്ഞ ആനകളെ പരിചരിക്കാൻ പ്രത്യേക ഇടവും ഫണ്ടും സർക്കാർ കണ്ടെത്തണമെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

## നവജാത ശിശുവിന്റെ വൈകല്യം കണ്ടെത്താത്ത സംഭവം: പ്രത്യേക സംഘം അന്വേഷിക്കും

ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നവജാത ശിശുവിന്റെ വൈകല്യം നേരത്തെ കണ്ടെത്തിയില്ലെന്ന ആരോപണത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷണം നടത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

സംഭവം ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ അന്വേഷണം നടത്താൻ മന്ത്രി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കഴിഞ്ഞ ദിവസം നിർദേശം നൽകിയിരുന്നു. ജില്ലാതലത്തിലുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സ്കാനിംഗ് സെന്ററിനെപ്പറ്റിയും അന്വേഷണം നടത്തും.

അന്വേഷണങ്ങളിൽ വീഴ്ച കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

# സാങ്കേതിക സർവകലാശാലാ താത്കാലിക വിസി; ഗവർണറുടെ നടപടി സ്റ്റേ ചെയ്യണമെന്ന ആവശ്യം തള്ളി

കൊച്ചി: സാങ്കേതിക സർവകലാശാലയിൽ താത്കാലിക വൈസ് ചാൻസലറായി ഡോ. കെ. ശിവപ്രസാദിനെ ഗവർണർ നിയമിച്ച നടപടി സ്റ്റേചെയ്യണമെന്ന സർക്കാരിൻറെ ആവശ്യം ഹൈക്കോടതി അനുവദിച്ചില്ല.

സർക്കാർ നൽകിയ പാനൽ തള്ളി ശിവപ്രസാദിനെ നിയമിച്ചതു ചോദ്യം ചെയ്ത് സർക്കാർ നൽകിയ ഹർജിയിൽ ഉന്നയിച്ച ഇടക്കാല ആവശ്യമാണ് ജസ്റ്റീസ് എ.എ. സിയാദ് റഹ്മാൻ നിരസിച്ചത്. സർവകലാശാലയിൽ വൈസ് ചാൻസലറില്ലാത്ത സാഹചര്യം ഒഴിവാക്കണമെന്ന വിലയിരുത്തലിൻറെ അടിസ്ഥാനത്തിലാണ് ആവശ്യം തള്ളിയത്. അതേസമയം, ചാൻസലർക്കും ഡോ. കെ. ശിവപ്രസാദിനും നോട്ടീസ് അയച്ചു.

സാങ്കേതിക സർവകലാശാലയിലെ താത്കാലിക വൈസ് ചാൻസലറെ സർക്കാർ നൽകുന്ന പാനലിൽ നിന്നാണു നിയമിക്കേണ്ടതെന്നാണ് നിയമത്തിൽ പറയുന്നതെന്നും അതിനു വിരുദ്ധമായ ഗവർണറുടെ നടപടി തെറ്റാണെന്നുമാണ് സർക്കാർ നൽകിയ ഹർജിയിൽ പറയുന്നത്.

നേരത്തേ സിസ തോമസിനെ സാങ്കേതിക സർവകലാശാലയുടെ താത്കാലിക വൈസ് ചാൻസലറായി നിയമിച്ച വിഷയത്തിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ഉത്തരവിൽ വ്യക്തത വരുത്തണമെന്ന ആവശ്യവും ഡിവിഷൻ ബെഞ്ച് നിരസിച്ചിട്ടുണ്ടെന്നും സർക്കാർ ചൂണ്ടിക്കാട്ടി.

എന്നാൽ, കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി ഡോ. ഗോപിനാഥ് രവീന്ദ്രനെ പുനർനിയമിച്ചതു ചോദ്യം ചെയ്യുന്ന ഹർജിയിൽ വിസി നിയമനകാര്യത്തിൽ സർക്കാർ ഇടപെടൽ തടയുന്ന ഉത്തരവാണുള്ളതെന്ന് ചാൻസലറുടെ അഭിഭാഷകൻ ചൂണ്ടിക്കാട്ടി.

ശിവപ്രസാദ് ചുമതലയേറ്റതായും അറിയിച്ചു. സ്ഥിരം വിസി നിയമനത്തിന് സർക്കാർ തടസം നിൽക്കുന്നതിനാലാണു താത്കാലിക വിസി നിയമനം നടത്തിയതെന്നും വ്യക്തമാക്കി.

അപേക്ഷ ക്ഷണിച്ചു

അസാപ് കേരളയിൽ ഡിപ്ലോമ ഇൻ മോളിക്കുലർ വൈറോളജി ആന്റ് അനലിറ്റിക്കൽ ടെക്നിക്സ് കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ വച്ചാണ് പരിശീലനം. ലൈഫ് സയൻസ് വിഷയങ്ങളിൽ ബിരുദം, ബി.ടെക് / എം.ടെക് ബയോ ടെക്നോളജി, ബി വി എസ് സി, എം ബി ബി എസ്, ബി ഡി എസ് യോഗ്യതകൾ ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ഡിസംബർ 8ന് മുൻപ് ഓൺലൈനായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9495999741, ഠഠഠ.മമെുസലൃമഹമ.ഴീ.ശി.

പുസ്തകോത്സവം മേഖലാതല ക്വിസ് മത്സരം

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിന്റെ ഭാഗമായി സ്കൂൾ- കോളേജ് വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന കണ്ണൂർ മേഖലാതല പ്രാഥമിക ക്വിസ് മത്സരം കണ്ണൂർ [illegible] നവംബർ 29ന് രാവിലെ 10.15ന് കെ.വി സുമേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്യും.




വിവിധ വകുപ്പുകളിലെ ചീഫ് വിജിലൻസ് ഓഫീസർമാരുടെ വാർഷിക സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# പഞ്ചവത്സര എൽ.എൽ.ബി. : സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ്

2024-25 ലെ പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് ഠഠഠ.രലല.സലൃമഹമ.ഴീ.ശി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ നവംബർ 29ന് ഉച്ചക്ക് 12 മണിക്ക് മുൻപ് ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. രണ്ടാം ഘട്ട ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് പരിഗണിക്കുന്നതിനായി അർഹരായ വിദ്യാർഥികളുടെ ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. കോളേജുതല സ്ട്രേ വേക്കൻസി പ്രവേശനത്തിനായി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം, മാർഗനിർദ്ദേശം എന്നിവ അനുസരിച്ച് അതത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശന നടപടികളിൽ പങ്കെടുക്കണം. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

## അപേക്ഷ ക്ഷണിച്ചു

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ സംസ്ഥാന, ദേശീയ തലത്തിൽ കലാകായിക അക്കാദമിക് രംഗങ്ങളിൽ മികവ് പുലർത്തിയ കുട്ടികൾക്കുള്ള 2023-24 അധ്യയന വർഷത്തെ പ്രത്യേക ബഹുമതിയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഡിസംബർ 15നു മുമ്പ് അപേക്ഷിക്കണം. ഫോൺ - 0471-2475773.

# ആരോഗ്യ, കാർഷിക സർകലാശാലകൾക്ക് കീഴിൽ ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് കേന്ദ്രങ്ങൾ തുടങ്ങും: മുഖ്യമന്ത്രി

ആരോഗ്യ, കാർഷിക സർവകലാശാലകൾക്ക് കീഴിൽ സ്റ്റാർട്ട്അപ്പ് മിഷന്റെ ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് വികസന കേന്ദ്രങ്ങൾ തുടങ്ങുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിലവിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഐ. ഇ. ഡി. സി പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രൊസ്പർ (ലീപ്) സംവിധാനങ്ങളും പ്രയോഗത്തിൽ വരുത്താവുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രീകൃത സ്റ്റാർട്ട് അപ്പ് ഇങ്കുബേഷൻ സംവിധാനമാണ് ലീപ്പിലൂടെ ഉദ്ദേശിക്കുന്നത്. കോവളത്ത് ഹഡിൽ കേരള 2024 ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ടെക്നോപാർക്കിന്റെ ഭാഗമായി എമർജിംഗ് ടെക്നോളജി ഹബ് തിരുവനന്തപുരത്ത് വരികയാണ്. ഭക്ഷ്യ - കാർഷിക മേഖല, ബഹിരാകാശ സാങ്കേതിക വിദ്യ, പാരമ്പര്യേതര ഊർജം, ഡിജിറ്റൽ മീഡിയ, ആരോഗ്യം - ലൈഫ് സയൻസ് എന്നീ മേഖലകൾക്കാണ് ഇവിടെ പ്രാധാന്യം നൽകുക. കേരളത്തിൽ നടക്കുന്ന ഇൻവെസ്റ്റ്മെന്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ സ്റ്റാർട്ട്അപ്പുകൾക്കായി പ്രത്യേക സെഷൻ ഉണ്ടാവുമെന്ന് അദ്ദേഹം പറഞ്ഞു.

നിലവിലെ കേരളത്തിലെ ഐ. ടി പാർക്കുകളിൽ സ്ഥലം ലഭിക്കുന്നതിന് നിരവധി പേർ കാത്തിരിക്കുകയാണ്. വർക്ക് നിയർ ഹോം കേന്ദ്രങ്ങളും ലീപ് സംവിധാനങ്ങളും ഇതിന് ഒരു പരിധി വരെ പരിഹാരം കാണുമെന്നാണ് കരുതുന്നത്. ഐ. ടി മേഖലയിൽ തൊഴിൽ തേടുന്നവർ കേരളം തിരഞ്ഞെടുക്കാൻ താത്പര്യം കാണിക്കുന്നുണ്ട്. ഇന്ത്യയിലെ മെട്രോ സിറ്റികളെ അപേക്ഷിച്ച് കേരളത്തിന് കൂടുതൽ സാധ്യതകളുണ്ട്. അവിടങ്ങളിൽ മലിനീകരണം, ഗതാഗതക്കുരുക്ക് തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ കേരളത്തിൽ മികച്ച വായുവും ജലവുമാണുള്ളത്. ഗതാഗത സംവിധാനങ്ങളും മികച്ചതാണ്.

കേരളത്തിലെ സ്റ്റാർട്ടപ്പിനെ സംബന്ധിച്ച് 2024 മികച്ച വർഷമാണ്. സ്റ്റാർട്ട് അപ്പ് റാങ്കിംഗിൽ കേരളം മികച്ച പ്രകടനം നടത്തുന്ന സംസ്ഥാനമായി. കഴിഞ്ഞ എട്ടു വർഷത്തിനിടെ ഈ മേഖലയിൽ വലിയ മാറ്റമാണ് കേരളത്തിൽ സംഭവിച്ചത്. 2024ൽ 6100 സ്റ്റാർട്ട് അപ്പുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു.

62000 പേർക്ക് ഇവിടെ തൊഴിലവസരമുണ്ടായി. 5800 കോടി രൂപയുടെ നിക്ഷേപമുണ്ടായതായും മുഖ്യമന്ത്രി പറഞ്ഞു.

ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ അധ്യക്ഷത വഹിച്ചു. ഇലക്ട്രോണിക്സ് ആന്റ് ഐ. ടി സെക്രട്ടറി രത്തൻ യു കേൽക്കർ റിപ്പോർട്ട് അവതരിപ്പിച്ചു. ഉന്നത ഉദ്യോഗസ്ഥർ, വിവിധ സ്ഥാപന മേധാവികൾ, സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.



ഭിന്നശേഷിക്കാരായ വ്യക്തികൾക്കായി കോഴിക്കോട് വച്ച് നടക്കുന്ന സ്പെഷ്യൽ ഒളിമ്പിക്സ് സംസ്ഥാന കായിക മേളയുടെ ലോഗോ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു

# ശമ്പളപരിഷ്കരണത്തിലെ മുൻകാല പ്രാബല്യം കണക്കാക്കി പെൻഷൻ നൽകണമെന്ന് കോടതി

കൊച്ചി: ശമ്പളപരിഷ്കരണം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കിയ വർഷം മുതൽ കണക്കാക്കിയുള്ള പെൻഷൻ വിരമിച്ച കോളജ് അധ്യാപകർക്കും നൽകണമെന്ന് ഹൈക്കോടതി.

2016 ജനുവരി ഒന്നിനും 2019 ജൂൺ 30 നും ഇടയിലും വിരമിച്ച കോളജ് അധ്യാപകർ നൽകിയ ഹർജിയിലും 2006 ജനുവരി ഒന്നിനും 2009 ജൂൺ 30നും ഇടയിൽ വിരമിച്ച കോളജ് അധ്യാപകർക്കു വർധിപ്പിച്ച പെൻഷൻ നൽകാനുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ചോദ്യം ചെയ്തു സർക്കാർ നൽകിയ ഹർജിയിലുമാണ് ജസ്റ്റീസുമാരായ എ. മുഹമ്മദ് മുഷ്താഖ്, പി. കൃഷ്ണകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

യുജിസി സ്കെയിൽ പ്രകാരം ശമ്പളം വാങ്ങുന്ന സർവകലാശാല, കോളജ് അധ്യാപകർക്ക് 2006 ജനുവരി ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പളം പരിഷ്കരിച്ച് സർക്കാർ 2011ൽ ഉത്തരവിറക്കിയെങ്കിലും വിരമിച്ചവരുടെ കാര്യത്തിൽ 2009 ജൂലൈ മുതൽ മാത്രമാണു പെൻഷൻ പരിഷ്കരിച്ച് മുൻകാല പ്രാബല്യം അനുവദിച്ചത്.

യുജിസി പെൻഷൻകാർക്കു നൽകാൻ കേന്ദ്രസഹായം ലഭിക്കുന്നില്ലെന്നും സംസ്ഥാന സർക്കാരിൻറെ ഖജനാവിൽനിന്നാണ് നൽകുന്നതെന്നുമായിരുന്നു സർക്കാർ വാദം. അതിനാൽ, പെൻഷൻ റിവിഷൻ സംബന്ധിച്ച തീരുമാനം സർക്കാരിൻറെ നയപരമായ തീരുമാനമാണ്.

സർക്കാർ തീരുമാനിക്കുന്ന പെൻഷൻ റിവിഷൻ സ്കീം അടിസ്ഥാനത്തിലാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകാനാകൂവെന്നും ട്രൈബ്യൂണലിന് ഇടപെടാനാകില്ലെന്നുമാണ് സർക്കാർ ചൂണ്ടിക്കാട്ടിയത്.

## അക്കാഡമിക് കൗൺസിലർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു

സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിൽ അക്കാഡമിക് കൗൺസിലർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദധാരികൾക്ക് അപേക്ഷിക്കാം.

https://forms.gle/Ntng6WHnzSuZKWto9 എന്ന ലിങ്ക് വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നവംബർ 30 ന് വൈകുന്നേരം 5 മണിക്കുമുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് https://forms.gle/Ntng6WHnzSuZKWto9 സന്ദർശിക്കുക.

# വഖഫ് ബോർഡിൻറെ കാലാവധി നീട്ടി ഹൈക്കോടതി

കൊച്ചി: സംസ്ഥാന വഖഫ് ബോർഡിൻറെ കാലാവധി ഹൈക്കോടതി നീട്ടി നൽകി. ഡിസംബറിൽ കാലാവധി അവസാനിക്കാനിരിക്കെയാണു ഡിവിഷൻ ബെഞ്ചിൻറെ നടപടി.

വഖഫ് ബോർഡിനു മുന്നിൽ നിലവിലുള്ള നിരവധി കേസുകളിൽ തീരുമാനമാകാത്ത സാഹചര്യത്തിലാണ് പുതിയ ബോർഡ് നിലവിൽ വരുന്നതുവരെ കാലാവധി നീട്ടിയത്.

പാലക്കാട് ഹൈദരിയ്യ മസ്ജിദ് ഭരണസമിതിയുടെ കാലാവധിയുമായി ബന്ധപ്പെട്ട വിഷയം ഒരു വർഷത്തോളമായി വഖഫ് ബോർഡിൻറെ പരിഗണനയിലുണ്ട്. നിലവിലെ ബോർഡിൻറെ കാലാവധി അവസാനിക്കുന്നതിനു മുന്പ് ഈ വിഷയത്തിൽ തീരുമാനമെടുക്കാനിടയില്ല. മസ്ജിദിന് ഏഴു വർഷത്തിലധികമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ല. 2017ൽ തെരഞ്ഞെടുക്കപ്പെട്ട സമിതിയാണ് ഇപ്പോഴും ഭരണം നടത്തുന്നത്.

മസ്ജിദിൻറെ സ്വത്ത് കൈകാര്യം ചെയ്യാൻ ഭരണസമിതിയെ തെരഞ്ഞെടുക്കണം. ഇതിനായി വഖഫ് ബോർഡ് അടിയന്തര തീരുമാനമെടുക്കാൻ നിർദേശം നൽകണമെന്നായിരുന്നു ഹർജിക്കാർ ഹൈക്കോടതിയിൽ നൽകിയ ഹർജിയിലെ ആവശ്യം.

നിലവിലെ വഖഫ് ബോർഡിൻറെ കാലാവധി പൂർത്തിയായാൽ പുതിയ ബോർഡ് നിലവിൽ വരാൻ ആറു മാസത്തോളം സമയമെടുക്കും. ഈ സാഹചര്യത്തിലാണ് ജസ്റ്റീസുമാരായ അമിത് റാവൽ, എസ്. ഈശ്വരൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിൻറെ നടപടി.

നാലു മാസമോ അല്ലെങ്കിൽ പുതിയ ഭരണസമിതി നിലവിൽ വരുന്നതു വരെയോ നിലവിലെ 12 അംഗ ബോർഡിന് തുടരാമെന്നാണു കോടതിനിർദേശം

## അപകടമരണം: നാടകനടിമാരുടെ കുടുംബങ്ങൾക്ക് പിഒസിയുടെ കൈത്താങ്ങ്

കൊച്ചി: വാഹനാപകടത്തിൽ മരിച്ച കായംകുളം ദേവാ നാടകസമിതിയിലെ നടിമാരായ ജെസി മോഹൻ, അഞ്ജലി എന്നിവരുടെ കുടുംബങ്ങൾക്ക് പിഒസിയുടെ കൈത്താങ്ങ്.

പിഒസി ഓഡിറ്റോറിയത്തിൽ നാടകാവതരണത്തിലൂടെ സമാഹരിച്ച തുക കുടുംബാംഗങ്ങൾക്ക് കൈമാറും. കെസിബിസി മീഡിയ കമ്മീഷൻ ഒരുക്കിയ വേദിയിൽ വള്ളുവനാട് ബ്രഹ്മയുടെ 'വാഴ്‌വേ മായം' നാടകമാണ് അവതരിപ്പിച്ചത്.

ധനസമാഹരണത്തിൻറെ ഭാഗമായി നടത്തിയ യോഗം സീറോമലബാർ സഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. കെസിബിസി മീഡിയ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ അധ്യക്ഷത വഹിച്ചു. കെസിവൈഎം സംസ്ഥാന കലാമേളയിൽ ഒന്നാംസ്ഥാനം നേടിയ കാഞ്ഞിരപ്പള്ളി രൂപതയുടെ 'പെണ്ണ്' തെരുവുനാടകവും അവതരിപ്പിച്ചു.

# അപേക്ഷ ക്ഷണിച്ചു

സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിൽ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടിവ് എംപാനൽമെന്റിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കുന്നതിന് 500 രൂപയാണ് ഫീസ്. അസാപ് കേരളയുടെ സിഇടി കോഴ്സ് പൂർത്തിയാക്കിയവർക്ക് അപേക്ഷ ഫീസില്ല. നവംബർ 30 ന് വൈകിട്ട് 5 മണിക്ക് മുൻപ് ഓൺലൈനായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും: വദ്ഭേ:// രീിലര.മെമുസല്യമഹമ.ഴീ.ശി/ഷീയെ/ശലം/40848.

# കൊല്ലം– എറണാകുളം മെമു മേയ് 30 വരെ ദീർഘിപ്പിച്ചു

കൊല്ലം: വേണാട് എക്സ്പ്രസിലെ തിരക്ക് ഒഴിവാക്കാൻ കൊല്ലം–എറണാകുളം–കൊല്ലം റൂട്ടിൽ റെയിൽവേ താത്കാലികമായി അനുവദിച്ച മെമു സർവീസുകളുടെ കാലാവധി 2025 മേയ് 30 വരെ ദീർഘിപ്പിച്ചു. ഈ മാസം 29 വരെയാണ് നേരത്തേ സർവീസ് പ്രഖ്യാപിച്ചിരുന്നത്.

പുതിയ അറിയിപ്പ് അനുസരിച്ച് ഇരു ദിശകളിലുമുള്ള മെമു ട്രെയിനുകൾ ഡിസംബർ രണ്ടു മുതൽ 2025 മേയ് 30 വരെ ശനി, ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ സർവീസ് നടത്തും. ആഴ്ചയിൽ അഞ്ച് ദിവസം.

# ട്രംപിൻെറ തീരുവ ഭീഷണി

വാഷിംഗ്ടൺ ഡിസി: അധികാരത്തിലെത്തിയാലുടൻ അയൽ രാജ്യങ്ങളായ കാനഡ, മെക്സിക്കോ എന്നിവിടങ്ങളിൽനിന്നുള്ള എല്ലാ ഉത്പന്നങ്ങൾക്കും 25 ശതമാനം ഇറക്കുമതി തീരുവ ചുമത്തി ഉത്തരവിറക്കുമെന്നു നിയുക്ത അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്.

അമേരിക്കയിലേക്കുള്ള വരുന്ന മയക്കുമരുന്നു കടത്തൽ തടയുംവരെ ഇറക്കുമതി നിയന്ത്രണം തുടരുമെന്നും ട്രംപ് ട്രൂത്ത് സോഷ്യലിൽ ഇട്ട പോസ്റ്റിൽ പറയുന്നു. അനധികൃത കുടിയേറ്റക്കാരെ ഇരുരാജ്യങ്ങളും തടയുകയും വേണം. എല്ലാവർക്കും അറിയാവുന്നതുപോലെ കാനഡ, മെക്സിക്കോ അതിർത്തികളിലൂടെ അനധികൃത കുടിയേറ്റക്കാർ പ്രവഹിക്കുകയാണ്. മുൻപെങ്ങും ഇല്ലാത്തവിധം അതു മയക്കുമരുന്നും മറ്റു കുറ്റകൃത്യങ്ങളും വ്യാപിപ്പിക്കുന്നു.

ചൈനയിൽനിന്നുള്ള എല്ലാ ഉത്പന്നങ്ങൾക്കും 10 ശതമാനം അധിക തീരുവ ചുമത്തുമെന്നും ട്രംപ് വ്യക്തമാക്കി. തെരഞ്ഞെടുപ്പു പ്രചാരണത്തിൻറെ സമയത്ത് 60 ശതമാനം തീരുവ ചുമത്തുമെന്നു വാഗ്ദാനം ചെയ്തതിനേക്കാൾ കുറവാണിതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രാജ്യത്തുനിന്നുള്ള ഫെൻറാനൈൽ എന്ന മയക്കുമരുന്നിൻറെ അനധികൃത കടത്തൽ തടയുന്നതുവരെയാകും ഇറക്കുമതി നിയന്ത്രണമെന്നും ട്രംപ് കുറിച്ചു.

മയക്കുമരുന്നു കടത്തുന്നവരെ പിടികൂടിയാൽ വധശിക്ഷവരെ നല്കുമെന്നു ചൈന വാഗ്ദാനം ചെയ്തിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല. കാനഡയിൽനിന്നുള്ള ഉത്പന്നങ്ങൾക്ക് 25 ശതമാനം തീരുവ ചുമത്തുന്നത് അമേരിക്കയുടെയും കാനഡയുടെയും തൊഴിലാളികൾക്കും തൊഴിലിനും ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കുമെന്ന് ഒൻറാരിയോ ഗവർണർ ഡഗ് ഫോർഡ് വ്യക്തമാക്കി.

പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ എല്ലാ ഗവർണർമാരുടെയും അടിയന്തിര യോഗം വിളിച്ചു ചേർക്കണമെന്നും അദ്ദേഹം സമൂഹമാധ്യമമായ എക്സിലൂടെ ആവശ്യപ്പെട്ടു. ട്രംപിൻറെ തീരുവ ഭീഷണി ഒൺടേരിയോയിലെ എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുമെന്ന് അവിടെനിന്നുള്ള മറ്റൊരു നേതാവായ ബോണി ക്രോംബിയും വ്യക്തമാക്കി.

## വെടിനിർത്തൽ ഗാസയിലും വേണമെന്ന് ഹമാസ്

കയ്റോ:ലബനനിലെ വെടിനിർത്തൽ ഗാസയിലെ വെടിനിർത്തലിനു വഴിയൊരുക്കുമെന്നു പ്രത്യാശിച്ച് ഹമാസ് ഭീകരസംഘടന. ഗാസയിൽ വെടിനിർത്തലിനു സന്നദ്ധമാണെന്നു ഹമാസ് പ്രസ്താവനയിൽ അറിയിച്ചു. വെടിനിർത്തലിനുള്ള ഏതു ശ്രമങ്ങളിലും സഹകരിക്കും. ഗാസ യുദ്ധം എന്നെന്നേക്കുമായി അവസാനിപ്പിക്കണം.

ഇസ്രേലി സേന ഗാസയിൽനിന്നു പിന്മാറണം. ഗാസ നിവാസികൾക്ക് അവരുടെ സ്വദേശങ്ങളിൽ തിരിച്ചെത്താൻ കഴിയണം. ബന്ദികളെ വിട്ടയയ്ക്കുന്നതിനു പകരം പലസ്തീൻ തടവുകാരെ ഇസ്രേലി ജയിലുകളിൽനിന്നു മോചിപ്പിക്കണമെന്നും പ്രസ്താവനയിൽ പറഞ്ഞു.

ജനങ്ങളുടെ സംരക്ഷണത്തിനായി ഇസ്രയേലുമായി വെടിനിർത്തലുണ്ടാക്കിയ ഹിസ്ബുള്ളയെയും ലബനീസ് സർക്കാരിനെയും മാനിക്കുന്നതായി ഹമാസ് നേതാവ് സമി അബു സുഹ്‌റി പറഞ്ഞു. ഇസ്രേലി പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവാണു വെടിനിർത്തലിനു തടസമെന്നും സുഹ്‌റി ആരോപിച്ചു.

ഗാസയിൽ വെടിനിർത്തലിനു ശ്രമം തുടരുന്നതായി യുഎസ് പ്രസിഡൻറ് ജോ ബൈഡൻ അറിയിച്ചു.



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രസിദ്ധീകരിച്ച വാർഷിക അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രി എം ബി രാജേഷിന് നൽകി നിർവഹിക്കുന്നു

# 200, 100, 50 നോട്ടുകൾകൂടി എടിഎമ്മിൽ ഉൾപ്പെടുത്താൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദേശം

കൊല്ലം: ചെറിയ തുകയ്ക്കുള്ള നോട്ടുകൾകൂടി എടിഎമ്മുകൾ വഴി വിതരണം ചെയ്യാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾക്ക് നിർദേശം നൽകി. എടിഎമ്മുകൾ വഴി പണം പിൻവലിക്കുന്ന ലക്ഷക്കണക്കിന് ഇടപാടുകാർക്ക് വലിയ ആശ്വാസം നൽകുന്നതാണ് ഈ നിർദേശം.

എസ്ബിഐ അടക്കമുള്ള രാജ്യത്തെ പ്രമുഖ പൊതുമേഖലാ ബാങ്കുകളിൽ ഭൂരിപക്ഷത്തിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി 500 രൂപയുടെ നോട്ടുകൾ മാത്രമാണ് എടിഎമ്മുകൾ വഴി വിതരണം ചെയ്തിരുന്നത്. ഇതിന് മാറ്റം വരുത്തി 200, 100 രൂപയുടെ നോട്ടുകൾകൂടി ഉൾപ്പെടുത്തി വിതരണം ചെയ്യണമെന്നാണ് റിസർവ് ബാങ്കിൻറെ നിർദേശത്തിൽ പറയുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതി വ്യാപകമായ സാഹചര്യത്തിലാണ് റിസർവ് ബാങ്കിൻറെ ഇടപെടൽ ഉണ്ടായത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# സംസ്ഥാനത്ത് അംഗീകാരമില്ലാത്ത 827 സ്കൂളുകൾ

തിരുവനന്തപുരം: സംസ്ഥാനത്ത് പ്രാഥമിക വിവരമനുസരിച്ച് 827 അംഗീകാരമില്ലാത്ത സ്കൂളുകളുണ്ടെന്നു മന്ത്രി വി. ശിവൻകുട്ടി. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനു മുഖ്യമന്ത്രി യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. സ്കൂളുകളുടെ പട്ടികയും ലഭ്യമായ വിവരങ്ങളും മുഖ്യമന്ത്രിക്കു കൈമാറുമെന്നും മന്ത്രി ശിവൻകുട്ടി പറഞ്ഞു.

ക്ലാസ് മുറികളിൽ ബോഡി ഷെയ്മിംഗ് അടക്കം വിദ്യാർഥികളുടെ ശാരീരികവും മാനസികവുമായ അവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപകരിൽനിന്നോ സ്കൂൾ അധികാരികളിൽനിന്നോ ഉണ്ടാകാൻ പാടില്ല.

അതുപോലെതന്നെ വിദ്യാർഥികളിൽ നിന്ന് ഈടാക്കുന്ന വാഹന വാടക ഉൾപ്പെടെയുള്ള ഫീസ് സംബന്ധിച്ച വിവരങ്ങൾ ക്ലാസ്മുറികളിൽ മറ്റു കുട്ടികളുടെ സാന്നിധ്യത്തിൽ അധ്യാപകരോ സ്കൂൾ അധികൃതരോ വിദ്യാർഥികളോടു ചോദിക്കരുത്. ഇപ്പോൾ എല്ലാ രക്ഷിതാക്കൾക്കും മൊബൈൽ ഫോൺ ഉണ്ട്. അവരോടു നേരിട്ട് വേണം ഇത്തരം കാര്യങ്ങൾ ഉന്നയിക്കാൻ.

പഠനയാത്രയ്ക്കു പണമില്ല എന്ന കാരണത്താൽ സ്കൂളിലെ ഒരു കുട്ടിയെപ്പോലും യാത്രയിൽ ഉൾപ്പെടുത്താതിരിക്കാൻ പാടുള്ളതല്ല. സ്കൂളുകളിൽ പഠനയാത്രകൾ, സ്കൂളുകളിലെ വ്യക്തിഗത ആഘോഷങ്ങൾ എന്നിവ സംബന്ധിച്ച നിർദേശങ്ങൾ അടിയന്തരമായി നടപ്പിൽ വരുത്തുന്നതിനു സ്വീകരിച്ച നടപടികളിന്മേൽ ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ടു നൽകാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയെന്നും മന്ത്രി പറഞ്ഞു.

സ്കൂൾ പഠനയാത്രകൾ വിനോദയാത്രകൾ മാത്രമാക്കി മാറ്റുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതിനു വൻ തോതിലുള്ള തുകയാണു ചില സ്കൂളുകളിൽ നിശ്ചയിക്കുന്നത്. ഇതു സാന്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്കു നൽകാൻ കഴിയാതെ അവരിൽ മാനസിക പ്രയാസം ഉണ്ടാക്കുന്നു. അതിനാൽ പഠനയാത്രകൾ എല്ലാ കുട്ടികൾക്കും പ്രാപ്യമായ രീതിയിൽ ക്രമീകരിക്കണം.

സ്കൂളുകളിലെ പഠനയാത്രയോടൊപ്പം അകന്പടിയായി പോകുന്ന അധ്യാപകരുടെയും പിടിഎ അംഗങ്ങളുടെയും യാത്രാചെലവു ബന്ധപ്പെട്ട പിടിഎ കമ്മിറ്റികളോ സ്റ്റാഫ് മാനേജ്മെൻറ് കമ്മിറ്റികളോ വഹിക്കണം.

സ്കൂളുകളിൽ ജീവനക്കാരുടെയും വിദ്യാർഥികളുടെയും ജന്മദിനംപോലുള്ള വ്യക്തിഗത ആഘോഷങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഈ പരിപാടികൾക്കു സമ്മാനങ്ങൾ നൽകാൻ കുട്ടികൾ നിർബന്ധിതരാകുന്നു.

സമ്മാനങ്ങൾ കൊണ്ടുവരാത്ത കുട്ടികളെ വേർതിരിച്ചു കാണുന്ന പ്രവണതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാന്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഇത്തരം ആഘോഷങ്ങൾ ഒഴിവാക്കുന്നതിനു സ്കൂൾ അധികാരികൾ കർശന നടപടി സ്വീകരിക്കണമെന്നും മന്ത്രി പറഞ്ഞു.

# ഭക്ഷ്യ വിഷബാധ: ഭക്ഷണം നൽകിയ സ്ഥാപനത്തിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്തു

### * നടപടി മന്ത്രി വീണാ ജോർജിന്റെ നിർദേശത്തെ തുടർന്ന്

ഭക്ഷ്യ വിഷബാധ സംശയിക്കുന്ന കേസ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് നിർദേശം നൽകി. എറണാകുളത്ത് വിനോദയാത്രയ്ക്ക് പോയ വിദ്യാർത്ഥികൾക്ക് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഭക്ഷണം നൽകിയ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ചെയ്തു. മന്ത്രി വീണാ ജോർജിന്റെ നിർദേശത്തെ തുടർന്നാണ് നടപടി. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ നടപടികൾ സ്വീകരിക്കും. പത്തനംതിട്ട ഹോസ്റ്റലിൽ ഭക്ഷണത്തിൽ പുഴുവിനെ കണ്ടെത്തിയതായുള്ള പരാതിയിൽ ഫുഡ് സേഫ്റ്റി ഓഫീസർ ഹോസ്റ്റൽ സന്ദർശിച്ച് നടപടി സ്വീകരിക്കുമെന്നറിയിച്ചു.

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ തുടരുന്നു. കാറ്ററിംഗ് യൂണിറ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ കഴിഞ്ഞയാഴ്ച പരിശോധന നടത്തിയിരുന്നു. 28 സ്ക്വാഡുകളായി തിരിഞ്ഞ് 186 സ്ഥാപനങ്ങളിലാണ് പരിശോധനകൾ നടത്തിയത്. 10 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. ഹോസ്റ്റലുകൾ കേന്ദ്രീകരിച്ചും പരിശോധന നടത്തിയിരുന്നു. ഈ പരിശോധനകൾ ശക്തമായി തുടരുന്നതാണ്. പഴകിയ ഭക്ഷണം നൽകാനോ ഭക്ഷണത്തിൽ മായം ചേർക്കാനോ പാടില്ല. ഭക്ഷ്യ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനോ ലൈസൻസോ നിർബന്ധമാണ്. ജിവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കും.

## ത്രിവത്സര എൽ.എൽ.ബി: രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ്

2024-25 ലെ ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് www. cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ നവംബർ 29ന് ഉച്ചക്ക് 12 മണിക്ക് മുൻപ് ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. രണ്ടാംഘട്ട ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് പരിഗണിക്കുന്നതിനായി അർഹരായ വിദ്യാർഥികളുടെ ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. കോളേജുതല സ്ട്രേ വേക്കൻസി പ്രവേശനത്തിനായി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികൾ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം, മാർഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച് അതത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശന നടപടികളിൽ പങ്കെടുക്കണം. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

## അയാട്ട കോഴ്സിൽ സീറ്റൊഴിവ്

കിറ്റ്സിൽ IATA യുടെ 6 മാസം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സുകളായ IATA Foundation in Travel and Tourism with Galileo and Amadeus, Airport Operations Fundamentals ന്റെ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് പ്ലസ്ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകും. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 0471- 2329468, 2339178, 2329539, 9446329867.

## ഇറാനും യൂറോപ്യൻ ശക്തികളും വെള്ളിയാഴ്ച ചർച്ച നടത്തും

ടെഹ്റാൻ: ഇറാനും യൂറോപ്പിലെ മൂന്നു വൻശക്തികളും തമ്മിൽ വെള്ളിയാഴ്ച ജനീവയിൽ ആണവചർച്ച നടത്തുമെന്ന് റിപ്പോർട്ട്. അമേരിക്കയിൽ ഡോണൾഡ് ട്രംപ് അധികാരത്തിലേറുന്നതിനു മുന്പായി ആണവവിഷയത്തിലെ അഭിപ്രായഭിന്നതകൾ പരിഹരിക്കാൻ ഇറാനിലെ മസൂദ് പസെഷ്കിയാൻ സർക്കാർ ആഗ്രഹിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു.

ആണവ ഇന്ധനമായ യുറേനിയം സംപുഷ്ടീകരിക്കാനുള്ള നീക്കങ്ങൾ ഇറാൻ സജീവമാക്കി എന്നാരോപിച്ച് അന്താരാഷ്ട്ര ആണവ ഏജൻസി ഏതാനും ദിവസം മുന്പ് ഇറാനേതിരേ പ്രമേയം പാസാക്കിയിരുന്നു. അമേരിക്ക, ബ്രിട്ടൻ, ജർമനി, ഫ്രാൻസ് എന്നിവരായിരുന്നു പ്രമേയത്തിനു പിന്നിൽ.

ഇറാൻറെ ആണവ പദ്ധതികൾ നിയന്ത്രിക്കാൻ 2015ൽ വൻശക്തികളുമായി കരാറുണ്ടായതാണ്. 2018ൽ ട്രംപ് ഭരണകൂടം കരാറിൽനിന്ന് ഏകപക്ഷീയമായി പിന്മാറി. തുടർന്ന് ഇറാൻ ആണവസംപുഷ്ടീകരണ തോത് വർധിപ്പിച്ചു.

## ഡ്രോൺ ആക്രമണം കടുപ്പിച്ച് റഷ്യ

കീവ്: യുക്രെയ്നുനേരേ ഡ്രോൺ ആക്രമണം കടുപ്പിച്ച് റഷ്യ. വിവിധ ഇടങ്ങളിലായി ഒറ്റരാത്രി 188 ഡ്രോണുകൾ റഷ്യ പ്രയോഗിച്ചതായി യുക്രെയ്ൻ വ്യോമസേന പറഞ്ഞു.




കേരള കോളേജ് സ്പോർട്സ് ലീഗിന്റെ ഭാഗമായി കോളേജുകളിൽ സ്പോർട്സ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ഡോ. ആർ ബിന്ദു നിർവഹിക്കുന്നു




വ്യവസായ-വാണിജ്യ വകുപ്പിന് കീഴിലുള്ള പ്ലാൻറേഷൻ ഡയറക്ടറേറ്റ് സംഘടിപ്പിച്ച പ്ലാൻറേഷൻ മേഖലയെക്കുറിച്ചുള്ള ഐഐഎം പഠന റിപ്പോർട്ട് അവതരണ പരിപാടിയോടനുബന്ധിച്ച് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് സംസാരിക്കുന്നു. വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായ വാണിജ്യ ഡയറക്ടർ ആനി ജൂല തോമസ് എന്നിവർ സമീപം.

# പ്ലാൻറേഷൻ മേഖലയിൽ പുതിയ നയം നടപ്പിലാക്കും: മന്ത്രി പി. രാജീവ്

തിരുവനന്തപുരം: പ്ലാൻറേഷൻ മേഖലയുടെ വൈവിധ്യവൽക്കരണവും നവീകരണവും സംബന്ധിച്ച് സമഗ്ര നയം നടപ്പിലാക്കാനൊരുങ്ങി സംസ്ഥാന വ്യവസായ വകുപ്പ്. പ്ലാൻറേഷൻ മേഖലയുടെ വൈവിധ്യവൽക്കരണത്തെക്കുറിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് കോഴിക്കോട് (ഐഐഎംകെ) സമർപ്പിച്ച പഠന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് പുതിയ നയം നടപ്പിലാക്കുക.

മേഖലയുടെ സമഗ്ര പുരോഗതിയ്ക്ക് റിപ്പോർട്ട് വഴിയൊരുക്കും. പ്ലാൻറേഷൻ മേഖലയിലെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പുതിയ നയം നടപ്പാക്കാനാണ് സർക്കാർ തയ്യാറെടുക്കുന്നതെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു.

പ്ലാൻറേഷൻ മേഖലയെക്കുറിച്ചുള്ള സമഗ്രപഠനം നടത്തുന്നതിനായി ഐഐഎംകെയുമായി പ്ലാൻറേഷൻ ഡയറക്ടറേറ്റ് ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഇന്ത്യയിലെ ആദ്യ പ്ലാൻറേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചത് കേരളമാണ്. പ്ലാൻറേഷൻ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ പ്ലാൻറേഷൻ ഡയറക്ടറേറ്റ് നടപ്പിലാക്കുന്നുണ്ട്. അതിൻറെ ഭാഗമായാണ് ഡയറക്ടറേറ്റുമായി സഹകരിച്ച് ഐഐഎംകെ പഠനം നടത്തിയത്. അതിൻറെ അടിസ്ഥാനത്തിലാണ് പഠനറിപ്പോർട്ട് അവതരിപ്പിച്ചതെന്നതും ശ്രദ്ധേയം.

തോട്ടം ഉടമകൾ ഈ മേഖലയിൽ കൂടുതൽ നിക്ഷേപം നടത്താൻ തയ്യാറാകണമെന്നും മന്ത്രി പറഞ്ഞു. ഈ സാധ്യത ഉപയോഗപ്പെടുത്തിയാൽ വലിയ തോതിലുള്ള നിക്ഷേപമാണ് തോട്ടം മേഖലയിൽ ഉണ്ടാകാൻ പോകുന്നത്. കേരളത്തിലാണ് ഏറ്റവും കൂടുതൽ പ്ലാൻറേഷൻ ഭൂമിയുള്ളത്. പ്ലാൻറേഷൻ ഭൂമി അതേപടി നിലനിർത്തിക്കൊണ്ടുള്ള വൈവിധ്യവത്ക്കരണമാണ് നടപ്പിലാക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കുറഞ്ഞത് പത്ത് വർഷത്തെയെങ്കിലും ആയുർദൈർഘ്യമുള്ള വിളകളാണ് പ്ലാൻറേഷൻ ഭൂമിയിൽ കൃഷി ചെയ്യേണ്ടത്. സർക്കാരിൻറെ മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് തോട്ടം ഉടമയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകും. വന്യമൃഗങ്ങളിൽ നിന്നുള്ള വിള സംരംക്ഷണത്തിനായി കൃഷിഭൂമിയിൽ ബഫർ സോൺ സ്ഥാപിക്കണം. ടൂറിസം മേഖലയെ ബാധിക്കാത്ത വിധമാകണം പ്ലാൻറേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവല്ക്കരണവും നടപ്പിലാക്കേണ്ടത്. ടൂറിസം മേഖലയിൽ പ്ലാൻറേഷൻറെ അഞ്ച് ശതമാനം ഭൂമി പ്രയോജനപ്പെടുത്തുമ്പോൾ ഒരു അംഗീകൃത മാസ്റ്റർ പ്ലാൻ ആവശ്യമാണ്. ഇതിനെല്ലാം ഒരു ഏകജാലക ക്ലിയറൻസ് സംവിധാനം തോട്ടം മേഖലയിൽ കൊണ്ടുവരണമെന്നും അദ്ദേഹം പറഞ്ഞു.

പ്ലാൻറേഷൻ മേഖല ലാഭകരമാക്കുന്നതിനൊപ്പം തൊഴിലാളികളുടെ വേതനം ഉൾപ്പെടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനാകണം. ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. തോട്ടം മേഖലയെ സർക്കാർ ഒരു വ്യവസായമായി കണക്കാക്കുന്നു. ലയങ്ങളുടെ നിർമ്മാണം സംബന്ധിച്ച പദ്ധതി ഉടൻ നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൻറെ തോട്ടം മേഖലയുടെ പുനരുജ്ജീവനത്തിനുള്ള മാർഗരേഖയാണ് പുതിയ ഐഐഎംകെ റിപ്പോർട്ടിലൂടെ വിഭാവനം ചെയ്യുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. കാർഷിക രീതികളിലും മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിലും മാറ്റം കൊണ്ടുവരുന്നതിലൂടെ തോട്ടം മേഖലയെ ശക്തിപ്പെടുത്താനാകും. ഇതിനായി വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനം അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു.

വ്യവസായ വാണിജ്യ ഡയറക്ടർ ആനി ജൂല തോമസ്, പ്ലാൻറേഷൻ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ഡോ. കെ. എസ് കൃപകുമാർ എന്നിവരും സന്നിഹിതരായിരുന്നു. കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക് റിപ്പോർട്ടിനെക്കുറിച്ചുള്ള കാഴ്ചപ്പാട് വീഡിയോ കോൺഫറൻസിങ്ങിലൂടെ പങ്കുവെച്ചു.

ഐഐഎംകെ പ്രതിനിധികളായ പ്രൊഫ. വെങ്കിട്ടരാമൻ .എസ്, പ്രൊഫ. അശുതോഷ് സർക്കാർ എന്നിവരാണ് പഠന റിപ്പോർട്ട് അവതരിപ്പിച്ചത്. കേരളത്തിലെ തോട്ടം മേഖലയെ നവീകരിക്കാനുള്ള നിർദേശങ്ങളാണ് ഐഐഎംകെ യുടെ പഠനറിപ്പോർട്ടിലുള്ളത്. തോട്ടം മേഖലയിൽ മൂല്യ വർധനവും വൈവിധ്യവത്ക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർതലത്തിൽ സ്വീകരിക്കേണ്ട നിരവധി നയരൂപീകരണത്തെക്കുറിച്ചും പഠനറിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു.

കേരളത്തിലെ തോട്ടം ഭൂമിയിൽ നിന്നുള്ള ലാഭത്തിൻറെ കുറവാണ് ഇത്തരമൊരു പഠനത്തിന് പ്രേരിപ്പിച്ച പ്രാഥമിക ഘടകമെന്ന് ഐഐഎംകെ പ്രതിനിധികൾ പറഞ്ഞു. സാമ്പത്തിക-സാമൂഹിക സുസ്ഥിരത കൈവരിക്കുന്നതിനായി തോട്ടം മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വെളിച്ചം വീശുന്നതാണ് 69 പേജുള്ള റിപ്പോർട്ട്.

ഒന്നിലധികം വിളകൾ പ്ലാൻറേഷൻ ഭൂമിയിൽ കൃഷിചെയ്യുന്നതിലൂടെ തോട്ടം മേഖല ലാഭകരമാക്കാമെന്നും പുതിയ വിപണി കണ്ടെത്താമെന്നും പരിസ്ഥിതി സംരംക്ഷണത്തിലൂന്നി മുന്നോട്ട് പോകാമെന്നും റിപ്പോർട്ടിൽ പറയുന്നു.

തോട്ടം ഉടമകളും തൊഴിലാളി യൂണിയൻ നേതാക്കളും പ്രമുഖ വ്യവസായികളും ജനപ്രതിനിധികളും റിപ്പോർട്ടിൻമേലുള്ള ചർച്ചയിൽ പങ്കെടുത്തു.

# ഇസ്രയേലും ഹിസ്ബുള്ളയും യുദ്ധം നിർത്തി

ബെയ്റൂട്ട്: ഇസ്രയേലും ഹിസ്ബുള്ള ഭീകരരും തമ്മിൽ വെടിനിർത്തൽ പ്രാബല്യത്തിലായി. അമേരിക്കയും ഫ്രാൻസും മുൻകൈയെടുത്തുണ്ടാക്കിയ കരാർ ഇസ്രയേലും ഹിസ്ബുള്ളയും അംഗീകരിക്കുകയായിരുന്നു. ഒരുവർഷത്തിലധികമായി തുടരുന്ന പശ്ചിമേഷ്യാ സംഘർഷത്തിൽ നയതന്ത്രം വിജയം കാണുന്ന അപൂർവ സംഭവവുമായി ഇത്.

ബുധനാഴ്ച പുലർച്ചെ നാലിനു വെടിനിർത്തൽ പ്രാബല്യത്തിലായി. ഇസ്രേലി സേന രണ്ടു മാസത്തിനുള്ളിൽ ഘട്ടംഘട്ടമായി തെക്കൻ ലബനനിൽനിന്നു പിന്മാറുമെന്ന്, വെടിനിർത്തൽ തീരുമാനം വൈറ്റ് ഹൗസിൽ പ്രഖ്യാപിച്ച യുഎസ് പ്രസിഡൻറ് ജോ ബൈഡൻ അറിയിച്ചു. ഇസ്രേലി സേനയ്ക്കു പകരം ലബനീസ് സേന ഇവിടത്തെ നിയന്ത്രണം ഏറ്റെടുക്കും. മേഖലയിൽ ഹിസ്ബുള്ള ശക്തിപ്രാപിക്കില്ലെന്ന് ഉറപ്പുവരുത്തും.

സംഘർഷം എന്നെന്നേക്കുമായി അവസാനിപ്പിക്കാൻ ഉദ്ദേശിച്ചുള്ള കരാറാണിതെന്ന് ബൈഡൻ വ്യക്തമാക്കി. ഇസ്രയേലും സൗദിയും തമ്മിലുള്ള ബന്ധം സാധാരണ നിലയിലാകാനുള്ള സാധ്യതയുണ്ടെന്നും ബൈഡൻ കൂട്ടിച്ചേർത്തു.

ഇസ്രേലി ആക്രമണങ്ങളെത്തുടർന്ന് തെക്കൻ ലബനനിൽനിന്നു പലായനം ചെയ്തവർ വെടിനിർത്തൽ പ്രഖ്യാപനത്തെത്തുടർന്നു സ്വദേശങ്ങളിലേക്കു മടങ്ങാനാരംഭിച്ചു. ഇസ്രേലി സേന പിന്മാറുന്നതുവരെ ജനങ്ങൾ അതിർത്തിഗ്രാമങ്ങളിലേക്കു മടങ്ങരുതെന്നു ലബനീസ് സേന ആവശ്യപ്പെട്ടു.

വെടിനിർത്തിയ ശേഷവും ഹിസ്ബുള്ള ഭീകരർ അതിർത്തിപ്രദേശങ്ങളിലെത്താൻ ശ്രമിച്ചതായി ഇസ്രയേൽ ഇന്നലെ ആരോപിച്ചു. ഇവർക്കു നേരേ ഇസ്രേലി സേന വെടിയുതിർത്തു.

ഈജിപ്തും ഹിസ്ബുള്ളയെ പിന്തുണയ്ക്കുന്ന ഇറാനും വെടിനിർത്തലിനെ സ്വാഗതം ചെയ്തു. വെടിനിർത്തലുണ്ടായതോടെ ഇറാൻറെ ഭീഷണി നേരിടുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാകുമെന്ന് ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു.

ഹമാസ് ഭീകരർ ഇസ്രയേലിൽ ഭീകരാക്രമണം നടത്തിയ 2023 ഒക്ടോബർ ഏഴിനു പിറ്റേന്നാണു ലബനനിലെ ഹിസ്ബുള്ളകൾ ഇസ്രയേലിനെ ആക്രമിക്കാൻ തുടങ്ങിയത്. ഇതേത്തുടർന്ന് അതിർത്തിപ്രദേശങ്ങളിലെ 60,000 ഇസ്രേലികളെ മാറ്റിപ്പാർപ്പിക്കേണ്ടിവന്നു.

ഈ വർഷം ഒക്ടോബർ ഒന്നിന് ഇസ്രേലി സേന ലബനനിൽ കരയാക്രമണം തുടങ്ങി. ഇസ്രേലി സേനയുടെ തിരിച്ചടിയിൽ ഹിസ്ബുള്ള തലവൻ ഹസൻ നസറുള്ള അടക്കം 3,823 പേർ കൊല്ലപ്പെടുകയും 15,859 പേർക്കു പരിക്കേൽക്കുകയും ചെയ്തു.

പത്തു ലക്ഷം ലബനീസ് പൗരന്മാർക്കു പലായനം ചെയ്യേണ്ടിവന്നു. തലസ്ഥാനമായ ബെയ്റൂട്ടിലും ഇസ്രയേലുമായി അതിർത്തി പങ്കിടുന്ന തെക്കൻ ലബനനിലും വ്യാപകമായ നാശനഷ്ടമുണ്ടായി.